(സി) ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ അനുകൂല്യങ്ങൾ

157(1437) ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ജനുവരി മാസം മുതൽ 2005 ഡിസംബർ മാസം വരെ കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് എത്രപേർ റിട്ടയർ ചെയ്തു എന്ന് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവർക്കുള്ള പി.എഫ്. ഗ്രാറ്റുവിറ്റി, പെൻഷൻ എന്നീ ആനുകൂല്യങ്ങൾ എന്നുവരെ റിട്ടയർ ചെയ്തവർക്ക് നൽകിയെന്ന് വ്യക്തമാക്കാമോ; ഇങ്ങനെ എന്തു തുക വിതരണം ചെയ്തു എന്ന് വെളിപ്പെടുത്താമോ;

(സി) 2005 ഡിസംബർ വരെ റിട്ടയർ ചെയ്ത ജീവനക്കാരുടെ ആനുകൂല്യങ്ങൾ എത്ര കുടിശ്ശിക നൽകാനുണ്ട് എന്ന് അറിയിക്കാമോ; ഇത് എന്ന് കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പി.എഫ്. ആനുകൂല്യങ്ങൾ, ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതുമായി ബന്ധപ്പെട്ട് കോടതി വിധികൾ ഏതെങ്കിലും നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003 ജനുവരി മാസം മുതൽ 2005 ഡിസംബർ മാസം വരെ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും 5830 ജീവനക്കാർ വിരമിക്കുകയുണ്ടായി. തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ഡ്രൈവർ	-	1294
കണ്ടക്ടർ	-	1004
മിനിസ്റ്റീരിയൽ	-	707
മെക്കാനിക്	-	1635
ഹയർ ഡിവിഷൻ	-	207
വാട്ടർ ട്രാൻസ്പോർട്ട്	-	26
എസ്.എം., ഇൻസ്പെക്ടർ, വി.എസ്., എച്ച്.വി.എസ്	-	957

(ബി) നിലവിൽ 30-6-2002 വരെ പെൻഷൻ ആയ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും പി.എഫും നൽകിവരുന്നു. കോടതി വിധി പ്രകാരം പി.എഫ്. ആനുകൂല്യങ്ങൾ ഇതിനുശേഷം റിട്ടയർ ചെയ്തവർക്കും നൽകിയിട്ടുണ്ട്. ഇതുവരെ 314 കോടി 81 ലക്ഷം രൂപാ വിതരണം ചെയ്തുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഇനത്തിൽ ഡിസംബർ 2005 വരെ റിട്ടയർ ചെയ്ത ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിനായി ഉദ്ദേശം 250 കോടി രൂപ വേണ്ടി വരും. കോർപ്പറേഷന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ നൽകുവാൻ കഴിയും.

(ഡി) കേരള ഹൈക്കോടതിയുടെ ഡബ്ലു. പി. (സി) നം. 23918/04 തീയതി 12-8-04-ലേയും ഡബ്ലു. എ.-നം. 109/95 തീയതി 31-5-05ലേയും വിധി പ്രകാരം ജീവനക്കാരൻ റിട്ടയറായി നാലു മാസത്തിനകം പി.എഫ്. ക്ഷേമനിധി ആനുകൂല്യങ്ങൾ കൊടുക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്.

ജലപാതകൾ ഗതാഗതയോഗ്യമാക്കുന്നതിന് പദ്ധതി

158(1438) ശ്രീ. കളത്തിൽ അബ്ദുള്ള:

ശ്രീ. പി. കെ. കെ. ബാവ:

ശ്രീ. സി. മോയിൻകുട്ടി:

ശ്രീ. ടി. പി. എം. സാഹിർ:

ശ്രീ. നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന കായലുകളും തോടുകളും ചേർന്ന് ജല പാത പല ഭാഗങ്ങളിലും സഞ്ചാരയോഗ്യമല്ലാതായിത്തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവ വിനോദസഞ്ചാരത്തിനും ജലഗതാഗതത്തിനും യോഗ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിന്റെ പണി ഏതെല്ലാം മേഖലകളിൽ പൂർത്തിയാക്കിയെന്നും ഏതെല്ലാം മേഖലകളിൽ പണി ആരംഭിക്കുന്നുണ്ടെന്നുമുള്ള വിവരം വ്യക്തമാക്കുമോ;

(ഡി) ഇതിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ തെക്കെ അറ്റം മുതൽ വടക്കേയറ്റം വരെ ജല പാത നിർമ്മിച്ച് അവ വിനോദസഞ്ചാരത്തിനും ജലഗതാഗതത്തിനും യോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ടി.എസ്. കനാലിന്റെ ഐ.എസ്.ആർ.ഒ. ബ്രിഡ്ജ് മുതൽ പള്ളിത്തുറ വരെയുള്ള ഭാഗം ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. കൊല്ലം നഗരത്തിന്റെ ഹൃദയഭാ

LIBRARY ARCHIVES Kerala Legislative Assembly